# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 06 | 2021 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

ശബരിമല: ഇതു വരെ വിറ്റത് 4,44,410 ടിന് അരവണ

ശബരിമലയില് മണ്ഡല - മകരവിളക്ക് തീര്ഥാടനം തുടങ്ങിയ ശേഷം ഇതുവരെ വിറ്റത് 4,44,410 ടിന് അരവണ. തപാല് മുഖേനയുള്ള വില്പ്പന അടക്കമുള്ള കണക്കാണിത്. പത്ത് ടിന്നുകളുള്ള അരവണ പായസത്തിന്റെ ബോക്സുകള് ഉള്പ്പെടെ തയാറാക്കിയിട്ടുണ്ട്. 80 രൂപയാണ് ഒരു ടിന് അരവണയുടെ വില. 98,477 പാക്കറ്റ് അപ്പമാണ് ഇതു വരെ വിറ്റുപോയത്. 35 രൂപയാണ് ഒരു പാക്കറ്റ് അപ്പത്തിന്റെ നിരക്ക്. മകരവിളക്ക് തീര്ഥാടന കാലത്തെ വില്പ്പനയ്ക്കായി 60,000 ടിന് അരവണയും, 8,000 പാക്കറ്റ് അപ്പവുമാണ് തയാറാക്കിയിരിക്കുന്നത്.

ആകെ വിറ്റ അരവണ ടിന്നുകളില് 37,239 എണ്ണം തപാല് വഴി സ്വാമി പ്രസാദം പദ്ധതിയിലൂടെയാണ് ഇത്തവണ വിറ്റത്. 450 രൂപ മുടക്കി ഭക്തര്ക്ക് തങ്ങളുടെ ഏറ്റവും അടുത്ത പോസ്റ്റ് ഓഫീസ് മുഖേന സ്വാമി

പ്രസാദത്തിനായി ബുക്ക് ചെയ്യാം. അരവണ പ്രസാദം കൂടാതെ സന്നിധാനത്തെ പ്രധാന വഴിപാടുകളായ വിഭൂതി, മഞ്ഞള്, കുങ്കുമം, ആടിയ ശിഷ്ടം നെയ്യ,അര്ച്ചന പ്രസാദം് എന്നിവയും ഇതോടൊപ്പം സ്വാമി പ്രസാദം പാക്കറ്റില് ഭക്തര്ക്ക് ലഭ്യമാകും.

**(പി.ആര്. ശബരി - (166)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 06 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

ശബരിമല ദര്ശനം: ഓണ്ലൈന് ബുക്കിംഗ് ഇന്ന് (06/01/2021)വൈകിട്ട് ആറുമുതല്

ശബരിമല ദര്ശനത്തിന് ജനുവരി എട്ടു മുതല് 18 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഓണ്ലൈന് ബുക്കിംഗ് ഇന്ന് (06/01/2021) വൈകുന്നേരം ആറിന് ആരംഭിക്കും. അധികമായി പ്രവേശനം അനുവദിച്ച ക്വാട്ടയിലേക്കുള്ള ബുക്കിംഗ് ആണ് ഇന്ന് ആരംഭിക്കുന്നത്. https://sabarimalaonline.org എന്ന വെബ്സൈറ്റില് ഭക്തര്ക്ക് ദര്ശനം ബുക്ക് ചെയ്യാം. ദര്ശനത്തിനെത്തുന്ന അയ്യപ്പഭക്തര്ക്ക് കോവിഡ്- 19 ആര്ടിപിസിആര്/ആര്ടി ലാമ്പ്/ എക്സ്പ്രസ് നാറ്റ് നെഗറ്റീവ് സര്ട്ടിഫിക്കറ്റ് നിര്ബന്ധമാണ്. 48 മണിക്കൂര് ആണ് സര്ട്ടിഫിക്കറ്റിന്റെ കാലാവധി. കോവിഡ് പരിശോധനാ നെഗറ്റീവ് സര്ട്ടിഫിക്കറ്റ് ഇല്ലാത്ത ഭക്തരെ ശബരിമലയിലേക്ക് കടത്തിവിടുകയില്ല.

(പി.ആര്. ശബരി - (167)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 06 | 2021 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**തമിഴ്നാട് മന്ത്രി ദര്ശ നം നടത്തി**

തമിഴ്നാട്ടിലെ നഗരഭരണ -ഗ്രാമ വികസന വകുപ്പ് മന്ത്രി എസ്.പി. വേലുമണി ബുധനാഴ്ച (6-1-2021) രാവിലെ 10.15 ന് ശബരിമല സന്നിധാനത്തെത്തി ദര്ശ നം നടത്തി. ഗുരുസ്വാമി സുകുമാര് അടക്കമുള്ളവര്ക്ക് ഒപ്പമാണ് മന്ത്രി കോയമ്പത്തൂരില് നിന്നും അയ്യപ്പ ദര്ശനത്തിനായി എത്തിയത്. എല്ലാ വര്ഷവും ശബരിമലയില് എത്തുന്ന എസ്.പി. വേലുമണി മാളികപ്പുറത്തും മറ്റ് ഉപക്ഷേത്രങ്ങളിലും ദര്ശ നം നടത്തുകയും, മേല്ശാന്തിയെ സന്ദര്ശി ക്കുകയും ചെയ്തു.

.

**ഫോട്ടോ അടിക്കുറിപ്പ്**: സന്നിധാനത്തെത്തിയ തമിഴ്നാട് മന്ത്രി എസ്.പി വേലുമണി ദര്ശനം നടത്തുന്നു

**(പി.ആർ. ശബരി - (168)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി ______________ JANUARY 06 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (07.01.2021)**

..........................................................................................

പുലര്ച്ചെ 4 മണിക്ക് പള്ളി ഉണര്ത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ  നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
8 ന് ....ഉദയാസ്തമന പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
11.45 ന് ....25 കലശാഭിഷേകം
തുടര്ന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന്  ദീപാരാധന

6.45 മുതല് പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന്  ഹരിവരാസനം സങ്കീര്ത്തനം പാടി 9 മണിക്ക്  ശ്രീകോവില് നട അടയ്ക്കും.

(പി.ആര്. ശബരി - (169)


